# താങ്ങാവുന്ന വിദ്യാഭ്യാസം

( പുസ്തകപരിചയം )

ഗ്രന്ഥകർത്താവ് : ഗോപാലകൃഷ്ണൻ

& വിജയലക്ഷ്മി

Publisher : D.C Books

വില : 70 രൂപ

ഗ്രന്ഥകർത്താവിനെക്കുറിച്ച് :



കോടയ്ക്കാട്ടുമാലിൽ കുഞ്ഞൻ -കുഞ്ചി ദമ്പതിമാരുടെ മകനായി 1950 ഒക്ടോബർ 5 ന് ഗോപാലകൃഷ്ണൻ ജനിച്ചു.വെള്ളത്തുവൽ ഹൈസ്കൂളിലും റാന്നി എം.എസ്.ബി.റ്റി.എസ്സിലും വിദ്യാഭ്യാസം .

റാന്നിക്കടുത്തുള്ള ഇടമൺ രാമകൃഷ്ണപ്പിള്ള - ദേവകിയമ്മ

ദമ്പതിമാരുടെ മകളായി 1957 നവംബർ 16 ന് വിജയലക്ഷ്മി ജനിച്ചു.
മക്കപ്പുഴ എൻ എസ്സ് എസ്സ് ഹൈസ്കൂൾ , തിരുവനന്തപുരം മഹാരാജാസ് കോളേജ് ഫോർ വിമൻ , റാന്നി എം.എസ്.ബി.റ്റി.എസ്സ് എന്നിവടങ്ങളിൽ വിദ്യാഭ്യാസം . റാന്നി എം എസ് ബി റ്റി എസ്സിൽ 1977 മുതൽ 79 വരെ ഇരുവരും റ്റി .റ്റി .സി .ക്ക് ഒന്നിച്ചു പഠിച്ചു.തുടർന്ന് ഒന്നിച്ചു ജീവിക്കുവാൻ തീരുമാനിക്കുന്നു.മൂന്നു മക്കളുണ്ട് .
പാലക്കാട് ജില്ലയിൽ അഗളിക്കടുത്ത് താമസം .മുഴുസമയ വിദ്യാഭ്യാസ പ്രവർത്തനവുമായി കഴിയുന്നു.ഗാന്ധിയൻ ആശയങ്ങൾ പ്രചരിപ്പിക്കുന്ന പുസ്തകങ്ങൾക്ക് നൽകിവരുന്ന ജി . കുമാരപ്പിള്ള അവാർഡ് ( 2006) ഈ പുസ്തകത്തിന് ലഭിച്ചിട്ടുണ്ട് .

## വിലാസവും ഫോൺ നമ്പറും :

ഗോപാലകൃഷ്ണൻ & വിജയലക്ഷ്മി
സാരംഗ്
അഗളി
ചിറ്റൂർ പി.ഒ
പാലക്കാട് ജില്ല
പിൻ : 678581
ഫോൺ : 04924 209038 ,  296660

പത്രവാർത്തകളിലൂടെയും മറ്റ് മാദ്ധ്യമങ്ങളിലൂടെയും നമുക്ക് പരിചിതമായവരാണ് സാരംഗിലെ ഗോപാലകൃഷ്ണൻ മാസ്റ്ററും വിജയലക്ഷ്മിടീച്ചറും അവരുടെ ഈ സുദീർഘമായ ജീവിതയാത്രാ അനുഭവങ്ങളിലൂടെ രൂപപ്പെട്ട വിദ്യാഭ്യാസ ദർശനങ്ങളാണ് ഈ പുസ്തകത്തിൽ .

പല കാര്യങ്ങളും ഒരു വേറിട്ട കാഴ്ചപ്പാടായി തോന്നാമെങ്കിലും സ്വാഭാവികതയുമായി താരതമ്യപ്പെടുത്തുമ്പോൾ അത് നേർക്കാഴ്ചയായി വായനക്കാരന് അനുഭവപ്പെടും വിധമാണ് ആശയങ്ങളുടെ ചിത്രീകരണത്തിലൂന്നി ഈ ആത്മകഥാപരമായ പുസ്തകം മുന്നേറുന്നത് .

കുടുംബത്തിന്റെ പേര് : സാരംഗ്

സ്കൂളിന്റെ പേര് : സാരംഗ് ബേസിക് സ്കൂൾ

മകൻ : ഗൌതം സാരംഗ്

മകൾ : കണ്ണകി സാരംഗ്

മകൾ : ഉണ്ണിയാർച്ച സാരംഗ്

ഇത്തരത്തിൽ കുടുംബംതന്നെ ഒരു വിദ്യാഭ്യാസ സ്ഥാപനമാക്കിയാണ് ജീവിതപ്പാതയിലൂടെ അവർ മുന്നേറുന്നത് .

## “പള്ളിക്കൂടം ഫാക്ടറിയല്ല
## അദ്ധ്യാപകൻ തൊഴിലാളിയല്ല
## വിദ്യാർത്ഥി ചരക്കല്ല
## രക്ഷിതാവ് ചരക്കുല്പാദകനല്ല”

ഈ മുദ്രാവാക്യം ഒന്നു ശ്രദ്ധിക്കൂ

വിദ്യാഭ്യാസം   കമ്പോളവൽക്കരിക്കപ്പെട്ടത് നിഷേധിക്കുന്നതിന്റെ വ്യക്തമായ സൂചന ഇത് തരുന്നുണ്ട് . അദ്ധ്യാപനത്തിൽ  മാർക്സിന്റെ മിച്ചമൂല്യ സിദ്ധാന്തം കടന്നുവരരുതെന്ന കാഴ്ചപ്പാട് വായനക്കാർക്ക് വരികളിൽനിന്ന് വായിച്ചെടുക്കാനാവും വിദ്യാഭ്യാസമെന്ന പ്രവർത്തനത്തിൽ ഉൾപ്പെടുന്ന വാത്സല്യത്തിന്റെ കണികകൾ ചുരത്തിയാണ് ഗ്രന്ഥകർത്താവ് ശിശുമനശ്ശാസ്ത്രത്തെ കൈകാര്യം ചെയ്തിരിക്കുന്നത് എന്നു നമുക്ക് കാണാം

## ആരായിരിക്കണം അദ്ധ്യാപകൻ ?

ഈ ചോദ്യത്തിന് താൻ ടി .ടി.സി ക്കു പഠിച്ച പാഠഭാഗത്തിൽ നിന്നുതന്നെ ഉത്തരം തരുവാൻ ഇവർ ശ്രമിക്കുന്നുണ്ട് . നാളത്തെ തലമുറ എന്തായിരിക്കണമെന്നും ഇന്നേ വിഭാവനം ചെയ്യുന്ന ക്രാന്ത ദർശിയാണദ്ധ്യാപകൻ

## എന്താണ് അറിവ് ?

മനുഷ്യ സമൂഹം ഇന്നേവരെ ആർജ്ജിച്ച മുഴുവൻ അറിവുകളും ഇന്നിപ്പോൾ കണ്ടെത്തിക്കൊണ്ടിരിക്കുന്ന മുഴുവൻ അറിവുകളും ഇനിയും കണ്ടെത്താനിരിക്കുന്ന മുഴുവൻ അറിവുകളും ചേർന്നതാണ് അറിവ് .ഈ അറിവിന്റെ ഒരു കുഞ്ഞംശം പോലും ഒരു മനുഷ്യനു തന്റെ ജീവിതകാലം കൊണ്ട് പഠിച്ചുതീർക്കാനാവില്ല

## നമുക്ക് എന്തറിയാം ?

നമ്മൾ പഠിച്ച അറിവിന്റെ പാഠങ്ങളിൽ എത്രശതമാനം

നമ്മൾ ഓർത്തിരിപ്പുണ്ട് ?
അതിന്റെ എത്ര ശതമാനം നമ്മുടെ
നിത്യജീവിതത്തിലുപയോഗപ്പെടുത്തുന്നുണ്ട് ?
അൻപതു ശതമാനം ?
നാല്പതുശതമാനം ?
മുപ്പത് ?
ഇരുപത് ?
സ്വയം പരിശോധിച്ചു നോക്കുക ?
ഒരു പക്ഷെ പഠിച്ചതിൽ പത്തുശതമാനം പോലും നമുക്ക്
ഓർമ്മയുണ്ടാവില്ല
ആ പത്തുശതമാനത്തിൽ ഒരു ശതമാനം പോലും നമുക്ക്
ഓർമ്മവന്നീട്ടുണ്ടാവില്ല
അതല്ലേ സത്യം ?
മറന്നു പോയതും ഉപയോഗമില്ലാതെ ഓർമ്മയിൽ
നിർത്തിയിട്ടുള്ളതുമടക്കം നാം പഠിച്ച അറിവിന്റെ
പാഠങ്ങൾക്കായി എത്രമാത്രം സമയം ചെലവഴിച്ചു?
എത്ര പണം ചെലവിട്ടു?
എത്രമാത്രം തല്ലു കൊണ്ടു ?
ഇങ്ങനെ കുറേ എത്രമാത്രങ്ങൾ .............
ഗ്രന്ഥകർത്താവ് നൽകുന്നതിനേക്കാൾ കൂടുതലായി
"എത്രമാത്രകൾ " നമുക്ക് വ്യക്തിപരമായി നമ്മോട്
ചോദിക്കാം
ഉത്തരങ്ങൾ കണ്ടെത്തുമ്പോഴുണ്ടാകുന്ന നഷ്ടബോധം
അനുഭവിക്കാം
അത് നൽകുന്ന പാഠം മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കാം

## അവനവന്റെ അഭിരുചിക്കനുസരിച്ച് അറിവുനേടുന്നതെങ്ങനെ ? അതുകൊണ്ടുള്ള ഗുണം , ലാഭം എന്നിവ എത്രമാത്രം ?

ഇത് സ്വന്തം അനുഭവത്തിൽക്കൂടി വിശദീകരിക്കുകയാണ് ലേഖകൻ

ഈ പ്രശ്നത്തിൽ അടുത്തകാലത്ത് കോളിളക്കമുണ്ടാക്കിയ പല ക്രിമിനൽ കേസുകളും കേസ് സ്റ്റഡിയായി എടുത്ത് പരിശോധിക്കുന്നുണ്ട് ഈ ഗ്രന്ഥത്തിൽ

## ആശുപത്രിയിൽ പോകാതെയും പ്രസവിക്കാമെന്നോ ?

ഇന്നത്തെ കാലത്ത് ഇത് കേൾക്കുമ്പോൾ നിങ്ങൾ ആധുനികർ മുഖം ചുളിച്ചേക്കാം . പക്ഷെ , നമ്മുടെ പൂർവികർ ആശുപത്രിയിൽ പ്രസവത്തിന് പോയിരുന്നുവോ ?

കുറുന്തോട്ടിയും പ്രസവവുമായുള്ള ബന്ധം
വേദനയില്ലാത്ത പ്രസവം ഈ വിഷയങ്ങൾ സ്വന്തം അനുഭവത്തിലൂടെ ഗ്രന്ഥകാരൻ വിശദീകരിക്കുന്നത് നാം അത്ഭുതത്തോടെ വായിച്ചു പോകുന്നു.
അതും സിസേറിയനുകൾക്ക് റെക്കോഡിടുന്ന

കേരളത്തിൽ !!
ഗർഭപാത്ര ശസ്ത്രക്രിയകൾക്ക് റെക്കോഡിഡുന്ന
കേരളത്തിൽ !!
അമിത വണ്ണവും കുടവയറും കൊണ്ട് സ്ത്രീകൾ വിഷമിക്കുന്ന
കേരളത്തിൽ !!

## നല്ല ദാമ്പത്യത്തിന്റെ രഹസ്യം ?

ഇണകളാവാനും വേണം പഠിത്തം . സാമൂഹ്യബോധമുള്ള മാതാപിതാക്കളാകാനും സാമൂഹ്യബോധമുള്ള മക്കളെ വളർത്തിയെടുക്കാനും പ്രത്യേക പഠിത്തം ആവശ്യമാണ് . വിവാഹശേഷം ഇണകൾക്ക് പ്രത്യേകം പ്രത്യേകം കൂട്ടുകാർ നന്നല്ല.

## റാകി കൊടുത്താൽ കുഞ്ഞിന്റെ ബുദ്ധി മുരടിച്ച പോകുമോ ?

എന്നൊരു വിശ്വാസം ചില മാദ്ധ്യമങ്ങൾ ജനങ്ങളുടെ ഇടയിൽ വരുത്തിയിരുന്നു
"എന്നാൽ റാകികഴിച്ചാൽ കുഞ്ഞുങ്ങളുടെ ബുദ്ധി മുരടിച്ച പോകുമെങ്കിൽ കേരളത്തിൽ ബുദ്ധിവളർച്ചയില്ലാത്ത അനേകം പേരെ കണ്ടുമുട്ടാനായേനെ ." എന്നൊരു പകരം ചോദ്യമാണ് ലേഖകന് ഈ വിഷയത്തിൽ നൽകാനുള്ളത് .

## വെളിച്ചെണ്ണ കൊളസ്ട്രോൾ വർദ്ധിപ്പിക്കുമോ ?

വെളിച്ചെണ്ണ കൊളസ്ട്രോൾ വർദ്ധിപ്പിക്കുമെങ്കിൽ മലയാളി എന്നൊരു വർഗ്ഗമേ ഭൂമുഖത്ത് ഉണ്ടാകുമായിരുന്നോ ? വെളിച്ചെണ്ണയില്ലാത്ത ജീവിതം നമുക്ക് ഉണ്ടായിരുന്നുവോ ? ഇത്തരം യുക്തി ഭദ്രമായ ചോദ്യങ്ങളിലൂടെ ലേഖകൻ പല അന്ധവിശ്വാസങ്ങളേയും ഖണ്ഡിക്കുന്നുണ്ട് .

## കുഞ്ഞുങ്ങളെ അപ്പിയിടീക്കാനും മൂത്രമൊഴിക്കാനും ശീലിപ്പിക്കുന്നതെങ്ങനെ ?

കുഞ്ഞുണ്ടായി ഒരു മാസം കൊണ്ടുതന്നെ തന്റെ കുഞ്ഞ് എത്ര സമയമിടവിട്ടാണ് അപ്പിയിടുന്നതും മൂത്രമൊഴിക്കുന്നതും മറ്റും ഏതൊരമ്മക്കും നിരീക്ഷിച്ചറിയാവുന്നതേയുള്ളൂ. ഏതാണ്ട് ആ സമയത്തോടടുത്ത് കുഞ്ഞിനെ എടുത്തുപിടിച്ച് അപ്പിയിടാനും മൂത്രമൊഴിക്കാനും ശീലിപ്പിക്കാവുന്നതേയുള്ളൂ . അമ്മ തെല്ലുയർന്ന സ്ഥാനത്തിരുന്ന് താഴേക്ക് കാലുകൾ നീട്ടിവെക്കണം . ഇരുകാലുകളും തമ്മിൽ ലേശം അകലമുണ്ടായിരിക്കണം . ചാഞ്ഞിരിക്കുന്ന ഈ കാലുകളിൽ മലക്ക പ്രായത്തിലുള്ള കുഞ്ഞിനെ മലർത്തിക്കിടത്താം . സാധാരണ അപ്പിയിടുന്ന സമയം കണക്കാക്കി ഇങ്ങനെയിരുത്തിയാൽ രണ്ടോ മൂന്നോ മിനിട്ടിനുള്ളിൽ കുഞ്ഞ് അപ്പിയിടും . രണ്ടോ മൂന്നോ ദിവസത്തെ ശീലം

കൊണ്ടുതന്നെ ഇങ്ങനെ ഇരുത്തിയാലുടനെ അപ്പിയിടാൻ കുഞ്ഞ് പഠിക്കുകയും ചെയ്യും .
ഈ രീതിയിൽ തന്നെ മൂത്രമൊഴിക്കാനും പരിശീലിപ്പിക്കാവുന്നതേയുള്ളൂ.

## കൌമാരക്കാരായ മക്കളുടെ രക്ഷിതാക്കൾ അറിഞ്ഞിരിക്കേണ്ട പ്രധാന കാര്യങ്ങൾ !!

കുമാരീകുമാരന്മാരുടെ പ്രശ്നങ്ങൾ വളരേ നയത്തോടെ മാത്രമേ കൈകാര്യം ചെയ്യുവാൻ പാടുള്ളൂ.
അവരുടെ പ്രണയവിഷയങ്ങൾ പോലും അനുഭാവത്തോടും ക്ഷമയോടും കേട്ടിരിക്കണം . അതിലെ അപ്രയോഗികത ബോധ്യപ്പെടുത്താൻ കാമുകീകാമുകന്മാരെ ഒരുമിച്ചിരുത്തി സ്നേഹത്തോടെ സംസാരിക്കണം . കാത്തിരിക്കാൻ പറയണം . വിവാഹപ്രായമെത്തുമ്പോൾ വിവാഹം ചെയ്യിക്കാമെന്ന് ഉറപ്പുകൊടുക്കണം . അതിനുശേഷമുള്ള ഇടവേളകൊണ്ട് ജീവിത യാഥാർത്ഥ്യങ്ങൾ ബോദ്ധ്യപ്പെടുത്താനായി കഴിവുള്ള അദ്ധ്യാപകർ , മനഃശാസ്ത്രജ്ഞർ , യോഗ്യരായ മറ്റുള്ളവർ എന്നിവരുടെയെല്ലാം സേവനം ഉപയോഗപ്പെടുത്താം . എന്നിട്ടും ബോദ്ധ്യപ്പെടുന്നില്ലെങ്കിൽ അവരെ അവരുടെ വഴിക്കു വിടുക
കൌമാരക്കാർക്കുമുന്നിൽ സുഗ്രീവാജ്ഞ പുറപ്പെടുവിക്കരുത് .

അവരെ വെല്ലുവിളിക്കുകയോ അവിശ്വസിക്കുകയോ ചെയ്യരുത് .അവർക്കത് സഹിക്കാനാവില്ല.

ഇത്തരം നിഗമനങ്ങൾക്ക് സമകാലിക ഉദാഹരണങ്ങളും പുസ്തകത്തിലൂടെ നൽകുന്നുണ്ട്

നമ്മുടെ നാട്ടിലെ അദ്ധ്യാപന പരിശീലനകേന്ദ്രങ്ങളിലെ അദ്ധ്യാപകർ ഈ പുസ്തകം കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തിരുന്നെങ്കിൽ എന്ന് പുസ്തകം വായിക്കവേ ആശിച്ച് പോയി

സാരംഗിനെക്കുറിച്ച് കൂടുതൽ അറിയാൻ :

Click Below

http://saranghills.org/

ആശംസകളോടെ: ഫിസിക്സ് വിദ്യാലയം

Click below to reach Physics Vidyalayam

http://karipparasunils.blogspot.com